# ആറാം സംസ്ഥാന ധനകാര്യ കമ്മീഷൻ പൊതുജനങ്ങളിൽ നിന്നും നിർദ്ദേശങ്ങൾ പ്രതീക്ഷിക്കുന്ന വിഷയങ്ങൾ

1. വികേന്ദ്രീകൃതാസൂത്രണം കൂടുതൽ ജനപങ്കാളിത്തത്തോടെ സുതാര്യമായും ഫലപ്രദമായും നടപ്പിലാക്കുന്നത് സംബന്ധിച്ച്
2. പൊതുജന പങ്കാളിത്തത്തോടെ ഗ്രാമസഭ/വാർഡ് സഭ കാര്യക്ഷമമായി നടത്തുന്നത് സംബന്ധിച്ച്
3. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് ലഭിക്കുന്ന ഫണ്ട് പൊതുജന പങ്കാളിത്തവും നിരീക്ഷണവും ഉറപ്പാക്കി കാര്യക്ഷമമായി ചെലവഴിക്കുന്നത് സംബന്ധിച്ച്
4. മുൻ നിശ്ചയിച്ച സുതാര്യമായ മാനദണ്ഡ പ്രകാരം അർഹത നിർണ്ണയിച്ച് ഗുണഭോക്താക്കളെ തെരഞ്ഞെടുക്കലും അതിലുള്ള അപാകത പരിഹരിക്കുന്നതിനുള്ള പരാതി പരിഹാര സംവിധാനവും
5. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ നിന്നും പൊതുജനങ്ങൾക്ക് ലഭിക്കുന്ന സേവനങ്ങൾ മെച്ചപ്പെടുത്തൽ
6. പൊതുജനങ്ങളുടെ പ്രശ്നങ്ങളും പരാതികളും പരിഹരിക്കുന്നതിൽ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ സമീപനം മെച്ചപ്പെടുത്തുന്നത് സംബന്ധിച്ച്
7. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ പ്രവർത്തനങ്ങളിൽ പൊതുജനങ്ങളുടെ പങ്ക്
8. ഫ്രണ്ട് ഓഫീസ് സംവിധാനത്തിൽ ജനങ്ങൾക്കുള്ള സേവനങ്ങൾ, സർട്ടിഫിക്കറ്റുകൾ മുതലായവ യഥാസമയം ലഭിക്കുന്ന തരത്തിലുള്ള മാറ്റങ്ങൾ
9. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലെ ഉദ്യോഗസ്ഥർക്ക് പൊതുജനങ്ങളോടുള്ള സമീപനം

10. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് കൈമാറിയിട്ടുള്ള കൃഷിഭവൻ, വെറ്റിനറി ആശുപത്രി, മണ്ണ് ജല സംരക്ഷണ ഓഫീസുകൾ, ആശുപത്രികൾ, പട്ടികജാതി പട്ടികവർഗ്ഗ വികസന ഓഫീസുകൾ, അഗൻവാടികൾ, വൃദ്ധസദനം, മഹിളാമന്ദിരം തുടങ്ങിയ സ്ഥപനങ്ങളിൽ നിന്നും പൊതുജനങ്ങൾക്ക് ലഭിക്കുന്ന സേവനം മെച്ചപ്പെടുത്തൽ
11. പ്രത്യേക പരിഗണന അർഹിക്കുന്ന വിഭാഗങ്ങളായ സ്ത്രീകൾ, വയോജനങ്ങൾ, കുട്ടികൾ, ഭിന്നശേഷിക്കാർ, പട്ടികജാതി പട്ടികവർഗ്ഗ വിഭാഗക്കാർ തുടങ്ങിയവരുടെ പ്രശ്നങ്ങൾ
12. പരമ്പരാഗത മത്സ്യത്തൊഴിലാളികൾ ഉൾപ്പെടെയുള്ള അവശ വിഭാഗങ്ങൾക്ക് വികേന്ദ്രീകൃതാസൂത്രണത്തിന്റെ ഗുണങ്ങൾ ലഭിക്കുന്നത് സംബന്ധിച്ച്
13. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ തനതു വരുമാനം വർദ്ധിപ്പിക്കുന്നതിനുള്ള മാർഗ്ഗങ്ങൾ
14. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ ആവശ്യമില്ലാത്ത ചെലവ് ഒഴിവാക്കുന്നത്
15. നിർമ്മാണ പ്രവൃത്തികളുടെ ഗുണമേന്മ
16. അഴിമതി, സ്വജന പക്ഷപാതം തുടങ്ങിയവയുടെ സാധ്യത അവസാനിപ്പിച്ച് സുതാര്യമായി തീരുമാനം എടുക്കുന്നതിനുള്ള നിർദ്ദേശങ്ങൾ
17. സോഷ്യൽ ഓഡിറ്റ് എങ്ങനെ നടത്താൻ കഴിയും
18. വെള്ളപ്പൊക്കം തുടങ്ങിയ പ്രകൃതി ദുരന്തങ്ങൾ, മഹാമാരി എന്നീ കാര്യങ്ങളിൽ ജനങ്ങളെ സഹായിക്കുന്നതിന് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് ഏന്തെല്ലാം ഇടപെടലുകൾ നടത്താൻ കഴിയും
19. ജലം, മണ്ണ്, വായു, ജൈവ വൈവിധ്യങ്ങൾ എന്നിവ ഉൾപ്പെടെയുള്ള പരിസ്ഥിതി സംരക്ഷണം
20. കെട്ടിട നിർമ്മാണം, പൊതു സ്ഥലങ്ങളുടെ സംരക്ഷണം

21. നിലവിലുള്ള ഖരമാലിന്യ സംസ്കരണ രീതി മെച്ചപ്പെടുത്തുന്നതിനും, ഖരമാലിന്യ സംസ്കരണത്തിൽ പൗരൻമാർക്കുള്ള പങ്ക്

22. മറ്റേതെങ്കിലും വിഷയങ്ങൾ

**(മറുപടി finssfca@gmail.com എന്ന ഇ-മെയിൽ വിലാസത്തിൽ അയയ്ക്കാവുന്നതാണ്)**